

**അബൂബദ്ർ: ഇസ്‌ലാമിക പ്രതിബദ്ധതയുടെ ആൾരൂപം-2**

ടി.കെ. ഇബ്റാഹീം

# അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരെ

**സദ്ദാമിന്റെ** കുവൈത്ത് അധിനിവേശത്തെത്തുടർന്നുണ്ടായ സംഭവവികാസങ്ങൾ (വിശിഷ്യാ കുവൈത്ത് വിമോചനത്തിന് അമേരിക്കൻ സഹായം തേടിയത്) കാരണം വലിയൊരു വിഭാഗമാളുകൾ കുവൈത്തികളെ – ഇസ്‌ലാമിസ്റ്റുകളടക്കം-മൊത്തത്തിൽ അമേരിക്കൻ അനുകൂലികളായി ഗണിക്കാറുണ്ട്. പക്ഷേ അബൂബദ്ർ വ്യതിരിക്തനായിരുന്നു. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ കൊടിയ ശത്രുവായിരുന്നു അദ്ദേഹം. ഇസ്രയേലും അമേരിക്കയും ചേർന്ന് മുസ്‌ലിംലോകത്തിനെതിരെ നടത്തുന്ന സാമ്രാജ്യത്വ ഗൂഢാലോചനയെക്കുറിച്ച് നിതാന്ത ജാഗരൂകൻ.

2004-ൽ ബുഷ് അമേരിക്കൻ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ *അൽ മുജ്തമഅ്* വാരികയിൽ എഴുതിയ ഒരു തുറന്ന കത്തിലൂടെ അദ്ദേഹം ബുഷിനോട് ആവശ്യപ്പെട്ടു: "അറബ്-മുസ്‌ലിം ലോകത്തിനെതിരെയുള്ള അമേരിക്കൻ നയങ്ങൾ പുനഃപരിശോധിക്കാൻ സമയമായിരിക്കുന്നു. ഫലസ്ത്വീൻ ജനതക്കെതിരെ സയണിസ്റ്റ് ശത്രുവിന് അമേരിക്ക നൽകുന്ന സർവതന്ത്ര സഹായം നിർത്താനും സമയമായി.

"അഫ്ഗാൻ, ഇറാഖ് നയങ്ങളും പുനഃപരിശോധിക്കണം. ആ നാടുകളിൽനിന്ന് അമേരിക്കൻ പട്ടാളത്തെ പിൻവലിക്കണം.

"അമേരിക്ക അടിച്ചേൽപിക്കുന്ന നയങ്ങളും നിലപാടുകളും തങ്ങളുടെ നിലനിൽപിനും മൂല്യങ്ങൾക്കും വിരുദ്ധമാണെന്ന് വിവിധ ജനവിഭാഗങ്ങൾ വിശ്വസിക്കുന്നു- ആ നാടുകളുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടുന്നത് അമേരിക്ക നിർത്തണം.

"2001 സെപ്റ്റംബർ 11-നെ തുടർന്ന് നടപ്പാക്കിയതും അമേരിക്കയിലെ മുസ്‌ലിംകളുടെ സ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിടുന്നതുമായ നിയമനടപടികൾ അമേരിക്കൻ ഭരണകൂടം പുനഃപരിശോധിക്കണം. ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരെ നടത്തുന്ന ആക്രമണാത്മകമായ കുപ്രചാരണങ്ങൾ നിർത്തണം" (ലക്കം 1626).

'ഇസ്‌ലാമിനോട് പൊരുതാതിരിക്കുക' എന്ന തലക്കെട്ടിൽ പാശ്ചാത്യ നേതാക്കൾക്കയച്ച ഒരു തുറന്ന കത്തിൽ ഇസ്‌ലാമും മുസ്‌ലിംകളുമായി സഹവർത്തിത്വത്തിൽ കഴിയാനും ശത്രുത വെടിയാനും മുസ്‌ലിംകളുടെ മതമൂല്യങ്ങളെ തൊട്ടു കളിക്കാതിരിക്കാനും അദ്ദേഹം ആവശ്യപ്പെട്ടു (12.1.2002).

### മുസ്‌ലിം ഭരണാധിപന്മാരോട്

അറബ് ലോകത്തെ ഭരണാധിപന്മാരെയും അബൂബദ്ർ വെറുതെ വിട്ടില്ല. ലോക മുസ്‌ലിം സമൂഹത്തെ ശോചനീയാവസ്ഥയിൽനിന്ന് മോചിപ്പിക്കാനും ആ ജനതകൾക്ക് സ്വാതന്ത്ര്യവും ജനായത്താവകാശങ്ങളും നൽകാനും അവരുടെ സ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിടുന്ന നിയമങ്ങൾ റദ്ദാക്കാനും രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക, വിദ്യാഭ്യാസ, സാംസ്കാരിക രംഗങ്ങളിൽ സമൂല പരിവർത്തനങ്ങൾ വരുത്താനും അദ്ദേഹം അവരെ ആഹ്വാനം ചെയ്തു. സദുദ്ദേശ്യങ്ങളോടെ പ്രവർത്തിക്കുകയും സൽപാന്ഥാവിലൂടെ ചരിക്കുകയും ദൈവഭയം മനസ്സുകളെ സ്വാധീനിക്കുകയും ചെയ്താൽ സമൂഹത്തിന്റെ ശോചനീയാവസ്ഥ മാറുകയും ഉമ്മത്തിന്റെ ഉദ്ദിഷ്ട ലക്ഷ്യം പ്രാപിക്കുകയും ചെയ്യുക പ്രയാസകരമല്ലെന്നും ശുഭാപ്തിയും ദൃഢനിശ്ചയവും നിറഞ്ഞ മനസ്സോടെ അദ്ദേഹം അവരെ

ഉദ്ബോധിപ്പിച്ചു. ചില അറബ്നാടുകളിൽ നടക്കുന്ന ശൂറാ അടിസ്ഥാനമാക്കിയുള്ള ഭരണപരിഷ്കാരങ്ങളെ അദ്ദേഹം പ്രതീക്ഷാപൂർവം സ്വാഗതം ചെയ്തു.

ഇസ്‌ലാമിക പ്രസ്ഥാന നേതാക്കൾ സദാ തറപ്പിച്ചു പറയുന്ന പോലെ, അധികാരം തങ്ങളുടെ ലക്ഷ്യമല്ലെന്നും നീതിയുടെയും സ്വാതന്ത്ര്യത്തിന്റെയും സംസ്ഥാപനവും മനുഷ്യാവകാശങ്ങളുടെ പരിരക്ഷയും സാധ്യമാവലാണ് ഉദ്ദേശ്യമെന്നും അതാരുടെ കൈയിലൂടെ സാധിച്ചാലും തങ്ങളതിനെ സ്വാഗതം ചെയ്യുമെന്നും അബൂബദ്റും ആവർത്തിച്ചു പ്രഖ്യാപിച്ചു.

### ശരീഅ ബന്ധനായ ബില്യനർ

മില്യനറല്ല ബില്യനറായിരുന്നു അബൂബദ്ർ. ലോകത്തിലെ മുൻനിര പണക്കാരിൽ ഒരാൾ. എന്നാൽ അദ്ദേഹത്തിന്റെ മുഴുവൻ സാമ്പത്തിക ഇടപാടുകളും കച്ചവട വിനിമയങ്ങളും പൂർണമായും ഇസ്‌ലാമിക ശരീഅത്തിന്റെ പരിധികൾ പാലിച്ചുകൊണ്ടുള്ളതായിരുന്നു. പലിശയുടെ ഓരത്തുപോലും അദ്ദേഹം പോയില്ല. പലിശരഹിത സാമ്പത്തികാടിത്തറകളിൽ സ്ഥാപിതമായ കുവൈത്ത് ഫൈനാൻസ് ഹൗസിൽ അദ്ദേഹത്തിന്റെ അക്കൗണ്ട് ചെക്കിംഗാണ്, സേവിംഗ്സ് അല്ല. പലിശയുടെ കലർപ്പിനെക്കുറിച്ചു പോലുമുള്ള ആശങ്ക കൊണ്ടാണ് അദ്ദേഹമങ്ങനെ ചെയ്തിരുന്നത്.

1975-ൽ ചരിത്രത്തിലാദ്യമായി പലിശരഹിത ഇസ്‌ലാമിക ബാങ്ക് ദുബൈയിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു- ദുബൈ ഇസ്‌ലാമിക് ബാങ്ക്. ഹസനുൽ ബന്നായുടെ സെക്രട്ടറിയായിരുന്ന ശൈഖ് അബ്ദുൽ ബദീഅ് സഖർ ആയിരുന്നു ഉദ്ഘാടനം ചെയ്തത് (ഈ ലേഖകന്നും അതിൽ പങ്കെടുക്കാനവസരമുണ്ടായി). തുടർന്ന് ലോകത്ത് പലയിടത്തും ഇസ്‌ലാമിക ബാങ്കുകൾ സ്ഥാപിതമായി. ഇപ്പോൾ അമുസ്‌ലിം ധനശാസ്ത്ര വിദഗ്ധർ പലിശരഹിത സാമ്പത്തിക വ്യവസ്ഥയുടെ പ്രസക്തി പഠിച്ചുകൊണ്ടിരിക്കുകയാണ്. അമേരിക്കയിലെയും യൂറോപ്പിലെയും പല പരമ്പരാഗത ബാങ്കുകളും 'ഇസ്‌ലാമിക ജാലകങ്ങൾ' തുറന്നു. പാശ്ചാത്യ നാടുകളിൽ ഇസ്‌ലാമിക ബാങ്കുകൾ സ്ഥാപിക്കാനുള്ള ശ്രമങ്ങൾ തകൃതിയായി നടക്കുന്നു. അബൂബദ്റാകട്ടെ ഇതിനെല്ലാം മുമ്പുതന്നെ തന്റെ സാമ്പത്തിക ഇടപാടുകളും ബിസിനസ്സും നടത്തിയിരുന്നത് പലിശരഹിതാടിസ്ഥാനത്തിലായിരുന്നു.

### ഭക്തൻ, വിനയാന്വിതൻ

നല്ല ദൈവഭക്തനായിരുന്നു അബൂബദ്ർ. വർഷത്തിൽ നല്ലൊരു സമയം ഹറമിൽ ഇബാദത്തുകളിൽ കഴിച്ചുകൂട്ടും. തന്റെ വസതിക്കടുത്തുള്ള പള്ളിയിൽ പ്രഭാതത്തിനു മുമ്പ് തന്നെ സന്നിഹിതനാവും. സൂര്യോദയത്തിനു ശേഷമേ അവിടം വിടുകയുള്ളൂ.

അദ്ദേഹത്തിന്റെ സ്വഭാവഗുണങ്ങളുടെ പൊൻകിരീടമായിരുന്നു വിനയം. ഇന്റർനാഷ്നൽ ഇസ്‌ലാമിക് ചാരിറ്റബ്ൾ ഓർഗനൈസേഷന്റെ ഡയറക്ടർ ജനറൽ ഇബ്റാഹീം ഹസബുല്ലയുടെ ഒരനുഭവം ഉദ്ധരിക്കട്ടെ: അമേരിക്കയിലെ ഹൂസ്റ്റൺ നഗരത്തിൽ ഒരു കൊമേഴ്സൽ എക്സിബിഷൻ കാണാൻ വന്നു അബൂബദ്ർ. ഹസബുല്ലാ അദ്ദേഹത്തെ സന്ദർശിക്കാൻ ചെന്നു. വൈകുന്നേരമായപ്പോൾ അദ്ദേഹം മടങ്ങിപ്പോവാനൊരുങ്ങി. അബൂബദ്ർ വിട്ടില്ല. ഒരു നിർവാഹവുമില്ലെന്നായപ്പോൾ ഹസബുല്ല ഹോട്ടലന്വേഷിച്ചുതുടങ്ങി. തന്റെ കൂടെത്തന്നെ താമസിക്കാൻ അബൂബദ്ർ നിർബന്ധിച്ചു- രണ്ടു കട്ടിലുണ്ടായിരുന്നു റൂമിൽ. പ്രഭാത നമസ്കാരത്തിനുണർന്നപ്പോൾ അദ്ദേഹത്തിന്റെ മുഖത്ത് ക്ഷീണം പ്രകടമായിരുന്നു. കാരണമന്വേഷിച്ചപ്പോൾ അബൂബദ്ർ പറഞ്ഞു: 'ഞാൻ രാത്രി തീരെ ഉറങ്ങിയില്ല; എന്റെ കൂർക്കം വലി താങ്ങളുടെ ഉറക്കം ശല്യപ്പെടുത്തുമെന്ന് ഭയന്നിട്ട്.' ഹസബുല്ല ചിരിച്ചുകൊണ്ട് പറഞ്ഞു: 'അതേ കാരണത്താൽ തന്നെ ഞാനും ഉറങ്ങിയില്ല.'

*അൽമുജ്തമഇന്റെ* എഡിറ്ററായ ശഅ്ബാൻ അബ്ദുർറഹ്മാൻ പറയുന്നത് നോക്കൂ: "കഴിഞ്ഞ രണ്ടു വർഷങ്ങളായി ദിനേനയെന്നോണം ഞാനീ മനുഷ്യനോടൊപ്പം ജീവിക്കുന്നു. പത്രത്തിന്റെ വിഷയങ്ങളും മുഖപ്രസംഗങ്ങളും അപഗ്രഥനങ്ങളും കാഴ്ചപ്പാടുകളും പൊതു പോളിസിയുമെല്ലാം അദ്ദേഹം സൂക്ഷ്മമായി പരിശോധിക്കും. ചിന്ത രൂപപ്പെടുത്തുന്നതിലും അത് ഏറ്റവും സുന്ദരമായ രൂപത്തിൽ ജനങ്ങൾക്ക് സമർപ്പിക്കുന്നതിലും വ്യതിരിക്തമായ ഒരു പാഠശാലയിലാണ് ഞാനെന്നാണ് എനിക്കെപ്പോഴും അനുഭവപ്പെടുക. ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും പ്രശ്നങ്ങൾ കൈയാളുന്നതിൽ നിരുപമമായ ഒരു പാഠശാല. വിശദാംശങ്ങൾ പരിശോധിച്ച ശേഷം ഓരോ പ്രശ്നത്തിന്റെയും മർമത്ത് എത്തിച്ചേരുന്ന പാഠശാല- അതാണ് അബൂബദ്ർ.

"അടുത്ത കാലത്തായി അദ്ദേഹം ഡോക്ടർമാരെ കാണാറുണ്ടായിരുന്നു. പക്ഷേ, ക്ഷീണിതനാണെന്നൊരിക്കലും തോന്നിച്ചില്ല. ഒരു ദിവസം സാധാരണ പോലെ *മുജ്തമഅ്* വിഷയങ്ങൾ ചർച്ച ചെയ്യാൻ ഞാൻ അദ്ദേഹവുമായി ബന്ധപ്പെട്ടു. സംസാരത്തിന്റെ ഒടുവിലെത്തിയപ്പോൾ അദ്ദേഹം ശാന്തനായി പറഞ്ഞു: 'കണ്ണിന്റെ ചികിത്സക്കായി ആശുപത്രിയിൽ പ്രവേശിക്കുകയാണ് ഞാനിപ്പോൾ. നമ്മുടെ സംസാരം പൂർത്തിയാക്കാൻ വൈകുന്നേരം താങ്കൾക്ക് ബന്ധപ്പെടാം.'

"പ്രഭാത നമസ്കാരം തുടങ്ങി രാത്രി പതിനൊന്നോ പന്ത്രണ്ടോ മണിക്ക് അവസാനിക്കുന്ന (ഇടക്ക് ഉച്ചക്കുള്ള ഒരു മണിക്കൂർ ഉറക്കമൊഴിച്ചാൽ) അസാധാരണമായ കർമശേഷിയുടെ ഉടമയായ അദ്ദേഹം യുവാക്കളെപ്പോലും നാണിപ്പിക്കുന്നു. തന്റെ വിനയവും സഹിഷ്ണുതയും ലോക പരിപാലകനായ അല്ലാഹുവിനോടുള്ള താഴ്മയും കൊണ്ട് അതിശയിപ്പിക്കുന്ന ലജ്ജിപ്പിക്കുന്ന ഒരു മനുഷ്യൻ.

"അടുത്ത കാലത്തായി ഒരു വാർത്തയോടൊപ്പം അദ്ദേഹത്തിന്റെ ചിത്രം പ്രസിദ്ധീകരിക്കുന്നത് അദ്ദേഹം വിലക്കി. അദ്ദേഹത്തിന്റെ മൂത്ത പുത്രൻ ബദ്ർ നിര്യാതനായപ്പോൾ വാർത്തയോടൊപ്പം അദ്ദേഹത്തിന്റെ ചിത്രം പ്രസിദ്ധീകരിക്കാനനുവദിച്ചില്ല. ചരമവാർത്ത സംക്ഷിപ്തമാവണമെന്നും അദ്ദേഹം നിർദേശിച്ചു. അതിന് മുമ്പൊരിക്കൽ ഒരു നീണ്ട സംസാരത്തിനിടയിൽ അദ്ദേഹം പറഞ്ഞു:

'*അൽ മുജ്തമഅ്* എന്റേതല്ല; ഞാനതിന്റെ മാനേജിംഗ് ബോർഡ് ചെയർമാനാണെങ്കിലും. എല്ലാ മുസ്‌ലിംകൾക്കും അവകാശപ്പെട്ടതാണത്. ഇസ്‌ലാമിന്റെ പ്രമേയങ്ങൾക്ക് വേണ്ടി ഉഴിഞ്ഞുവെക്കപ്പെട്ടതും.'

"ഇവ്വിധം തന്റെ അന്ത്യത്തിന്റെ അര മണിക്കൂർ മുമ്പ് വരെ ഞങ്ങളുടെ സംഭാഷണം നടക്കുകയായിരുന്നു. ഫലസ്ത്വീനിൽ നടന്നുകൊണ്ടിരിക്കുന്ന ഹമാസ് ഗവൺമെന്റിനെ താഴെയിറക്കാനുള്ള ശ്രമങ്ങളുടെ ഒടുവിലത്തെ അധ്യായങ്ങൾ, ഇറാഖിൽ നടന്നുകൊണ്ടിരിക്കുന്നത്, അന്നാട്ടിനെ ശിഥിലമാക്കാനുള്ള പ്ലാനുകൾ- ഇത്തരം വിഷയങ്ങളിൽ ഊന്നിക്കൊണ്ട്.

"അദ്ദേഹത്തിന്റെ അവസാന വാക്കുകൾ എന്റെ പേന രേഖപ്പെടുത്തിക്കൊണ്ടിരിക്കെ... അദ്ദേഹത്തിന്റെ ഓഫീസ് ഡയറക്ടർ അഹ്മദിന്റെ ഫോൺ: 'അബൂബദ്ർ വേർപാടായി, ശഅ്ബാൻ.' ഒരു സച്ചരിതന്റെ ശുഭപര്യവസാനം!

"വിനയാന്വിതനായി ഉയർന്നുനിൽക്കുന്ന വലിയ മനുഷ്യാ, വിട!" (ലക്കം 1718).

### ദാനധർമങ്ങളുടെ ആൾരൂപം

അബൂബദ്റിന്റെ വ്യക്തിത്വത്തിന്റെ മുഖമുദ്ര ദാനധർമങ്ങളാണ്. അദ്ദേഹത്തിന്റെ ദാനധർമങ്ങൾ രാഷ്ട്രങ്ങളുടെ അതിർത്തികളോ വംശ, വർണ ഭേദങ്ങളോ സംഘടനാ വ്യത്യാസങ്ങളോ അറിഞ്ഞില്ല. 100 രാഷ്ട്രങ്ങൾ സന്ദർശിച്ച ഡോ. അഹ്മദ് തൂതൻജി അവിടെയൊക്കെ അബൂബദ്റിന്റെ ദാനധർമ

പ്രവർത്തനത്തിന്റെ പാദമുദ്രകൾ പതിഞ്ഞതായി സാക്ഷ്യപ്പെടുത്തുന്നു.

അദ്ദേഹത്തിന്റെ ദാനധർമ പദ്ധതികളുടെ ദീപസ്തംഭമായി വിലസുന്നത് ഇസ്‌ലാമിക് ഇന്റർനാഷ്നൽ ചാരിറ്റബ്ൾ ഓർഗനൈസേഷൻ(IICO)ആണ്. 1978-ൽ അമേരിക്കയിലെ കൊളറാഡോയിൽ ചേർന്ന ക്രിസ്ത്യൻ മിഷനറി പ്രവർത്തകരുടെ യോഗം ലോക മുസ്‌ലിംകളെ ക്രൈസ്തവവത്കരിക്കാൻ ആയിരം ഡോളർ പദ്ധതി ആവിഷ്കരിച്ചപ്പോൾ അതിനെ ചെറുക്കാൻ ശൈഖ് ഖറദാവി ഒരു ആയിരം ഡോളർ പദ്ധതിയുടെ ഫോർമുല സമർപ്പിക്കുകയുണ്ടായി. കുവൈത്തിൽ ചേർന്ന ഇസ്‌ലാമിക ബാങ്കുകളുടെ സമാപന സമ്മേളനത്തിലാണ് ശൈഖ് ഖറദാവി തന്റെ പദ്ധതി സമർപ്പിച്ചത്. ആ മഹോദ്യമത്തിൽ ഭാഗഭാക്കാകാൻ ശൈഖ് ഖറദാവി സദസ്യരെ ആഹ്വാനം ചെയ്തു. അദ്ദേഹം തന്റെ അനുഭവം വിവരിക്കുന്നു:

"അന്ന് അബൂബദ്ർ സ്വീകരിച്ച നിലപാട് ഞാനൊരിക്കലും മറക്കുകയില്ല. അദ്ദേഹം എന്റെ ചെവിയിൽ മന്ത്രിച്ചു: 'ഒരു മില്യൻ ഡോളർ ഞാനിതിന് വാഗ്ദാനം ചെയ്യുന്നു. കുവൈത്ത് ഫൈനാൻസ് ഹൗസിൽ ഞാനത് നിക്ഷേപിക്കാം. ദയവായി എന്റെ പേര് പരസ്യപ്പെടുത്തരുത്.' പേര് പറയാതെ ഞാൻ സംഖ്യ പ്രഖ്യാപിച്ചു. എന്റെ ആഹ്വാനത്തിന്റെ വിജയത്തിന്റെ മുന്നോടിയെന്ന നിലക്ക് അതെന്നെ ഏറെ സന്തോഷിപ്പിച്ചു. കൂടാതെ തന്റെ രണ്ടു കെട്ടിടങ്ങളും അബൂബദ്ർ IICO-ന് വഖ്ഫാക്കി നീക്കിവെക്കുകയും ചെയ്തു."

അന്നു മുതൽ IICO സുസ്ഥാപിതമാക്കാനുള്ള നടപടികളെല്ലാം അദ്ദേഹമെടുത്തു. അതിന്റെ ഭരണസമിതിയംഗവും എക്സിക്യൂട്ടീവ് മെമ്പറും ട്രഷററുമായി അദ്ദേഹം തുടർന്നു- വേർപാട് വരെ. അനാഥരുടെ അവലംബമായ IICO-യെ അനാഥമാക്കിക്കൊണ്ടാണ് അബൂബദ്ർ ലോകത്തോട് യാത്ര പറഞ്ഞത്.

2001 സെപ്റ്റംബർ 11-നു ശേഷം അമേരിക്കയിൽനിന്നും യൂറോപ്പിൽനിന്നും മുസ്‌ലിംലോകത്തെ ദാനധർമ സ്ഥാപനങ്ങൾക്കും സംഘടനകൾക്കുമെതിരെയുണ്ടായ സമ്മർദങ്ങളും ആരോപണങ്ങളും വെല്ലുവിളികളും അബൂബദ്ർ ശക്തിപൂർവം നേരിട്ടു. അവരെ കൂസാതെ തന്റെ ധർമപ്രവർത്തനങ്ങൾ മുടക്കമില്ലാതെ തുടർന്നു. അദ്ദേഹം പറയാറുണ്ടായിരുന്നു: 'കുവൈത്തിന് കയറ്റിയയക്കാനുള്ളത് രണ്ട് ഇനമാണ്. എണ്ണയും ദാനധർമങ്ങളും."

അദ്ദേഹമൊരിക്കൽ ആത്മഗതം ചെയ്തു: "പണമുണ്ടാക്കുന്നതിനേക്കാൾ അത് നല്ല മാർഗത്തിൽ ചെലവഴിക്കാനുള്ള തൗഫീഖ് നൽകണമേ എന്ന് ഞാൻ അല്ലാഹുവിനോട് കേണപേക്ഷിച്ചു." മറ്റൊരിക്കൽ: "ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും നന്മക്കു വേണ്ടി കൂടുതൽ ചെലവഴിക്കുമ്പോഴെല്ലാം എന്റെ ധനം വർധിക്കുകയും ഇരട്ടിക്കുകയും മാത്രമേ ചെയ്തിട്ടുള്ളൂ."

ലോകത്തെങ്ങുമുള്ള മുസ്‌ലിംപണക്കാർക്ക് എല്ലാ രംഗത്തും ഉത്തമ മാതൃകയാണ് അബൂബദ്ർ.

### ആ മാതൃക നിലനിർത്തേണ്ടതിന്റെ ആവശ്യകത

അബൂബദ്റിന്റെ മഹത്തായ മാതൃക നിലനിർത്തേണ്ടത് സമുദായത്തിന്റെ ആവശ്യമാണ്. ഒന്നാമതായി ജീവിച്ചിരിപ്പുള്ള മുസ്‌ലിംപണക്കാർക്ക് അദ്ദേഹത്തിന്റെ മാതൃകയിൽനിന്ന് പ്രചോദനമുൾക്കൊണ്ട് സമുദായത്തിന്റെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കാം. സമുദായത്തിൽ എണ്ണമറ്റ മില്യനർമാരും ബില്യനർമാരുമുണ്ട്. അവരിൽ ഏതാനും പേരെങ്കിലും അബൂബദ്ർ മാതൃക പിന്തുടരുകയാണെങ്കിൽ സമുദായത്തിന്റെ ചിത്രം തന്നെ മാറും. രണ്ടാമതായി, ഭാവിതലമുറകൾക്ക്, വിശിഷ്യാ ബിസിനസ് രംഗത്ത് പ്രവേശിക്കാനുദ്ദേശിക്കുന്നവർക്ക് അദ്ദേഹത്തെ ഒരു റോൾ മോഡലായി സ്വീകരിക്കാം.

അത്തരം പരിഗണനകളുടെ അടിസ്ഥാനത്തിൽ അദ്ദേഹത്തെക്കുറിച്ച് ഒരു ബൃഹദ് സ്മാരക ഗ്രന്ഥം തയാറാക്കേണ്ടത് അത്യാവശ്യമാണ്. ഈ ലേഖകൻ *അൽ മുജ്തമഇൽ* എഴുതിയ ലേഖനത്തിൽ (ലക്കം 1725) അക്കാര്യം സൂചിപ്പിച്ചിരുന്നു. പ്രസിദ്ധ ഇസ്‌ലാമിക പ്രബോധകനും ആഫ്രിക്കയിലെ ഇസ്‌ലാമിക പ്രവർത്തനങ്ങളുടെ നെടുംതൂണുമായ ഡോ. അബ്ദുർറഹ്മാൻ സമീത്തും അതിന്റെ ആവശ്യകത ഊന്നിപ്പറയുകയുണ്ടായി.

അബൂബദ്റിന്റെ മക്കളും ഇക്കാര്യം വളരെ പ്രാധാന്യത്തോടെ കണക്കിലെടുത്തിട്ടുണ്ട്. ചില പദ്ധതികൾ ആസൂത്രണം ചെയ്തു തുടങ്ങി. അബൂബദ്റിന്റെ ജാമാതാവായ സാലിമുൽ ജാദറിനെ അതിന്റെ ഉത്തരവാദിത്വം ഏൽപിച്ചിരിക്കുന്നു. ഈ ലേഖകൻ അദ്ദേഹത്തെ കണ്ട് ഏതാനും നിർദേശങ്ങൾ സമർപ്പിച്ചു. അദ്ദേഹം അവ സ്വാഗതം ചെയ്തു. അബൂബദ്ർ വ്യത്യസ്ത രംഗങ്ങളിൽ നിർവഹിച്ച സേവനങ്ങളുടെ ഒരു പഠനം തയാറാക്കണം. അദ്ദേഹത്തിൽനിന്ന് സംഭാവന ലഭിച്ച ലോകത്തെങ്ങുമുള്ള സ്ഥാപനങ്ങളുടെയും സംഘടനകളുടെയും ഡാറ്റ സംഘടിപ്പിക്കണം. ഡാറ്റ സംഘടിപ്പിക്കാൻ വ്യത്യസ്ത ഭൂഖണ്ഡങ്ങളിൽ ഏജന്റുമാരെ നിശ്ചയിക്കണം. അത്തരം പ്രവർത്തനങ്ങളുമായി മുന്നോട്ടു പോവാൻ അദ്ദേഹം തീരുമാനിച്ചിട്ടുണ്ട്. ഈ സംരംഭത്തിൽ ഭാഗഭാക്കാവാൻ തയാറുള്ളവർക്ക് താഴെ ഇമെയിൽ വിലാസത്തിൽ അദ്ദേഹവുമായി ബന്ധപ്പെടാം.

salem-123@yahoo.com

അദ്ദേഹം ഒരു വെബ്സൈറ്റ് തുടങ്ങിയിട്ടുണ്ട്: www.abobader.org

ഈ ലേഖകന്റെ ഇമെയിൽ: ibrahimtk@yahoo.ca